# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സാമൂഹിക-സാമ്പത്തിക വികസനത്തിന് നയങ്ങൾ രൂപീകരിക്കുമ്പോൾ നയതന്ത്രജ്ഞർ താഴെത്തട്ടിലെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan states that policymakers must understand ground realities while framing policies for socio-economic development.**

2. ഉജ്ജയനിയിൽ 255 കോടി രൂപയുടെ ക്ഷീര വികസന പ്ലാൻറിന് കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് തറക്കല്ലിടും.ഭോപ്പാലിലെ ഗോ പാലക് സമ്മേളനത്തിലും കേന്ദ്ര മന്ത്രി പങ്കെടുക്കും.

   **Union Minister Amit Shah lays the foundation stone for a 255 crore rupee dairy development plant in Ujjain today and attends the Gau Palak Sammelan in Bhopal.**

3. ആഗോള വ്യാപാരത്തിലെ അസമത്വങ്ങളും തടസ്സങ്ങളും പരിഹരിക്കാൻ ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള നടപടികളാണ് വേണ്ടതെന്ന് ഇന്ത്യ.

   **India calls for WTO-compliant measures to address disparities and barriers in global trade.**

4. ഹോർമുസ് കടലിടുക്കിൽ ആക്രമണത്തിനിരയായ എണ്ണക്കപ്പലിലെ അഞ്ച് ഇന്ത്യൻ ജീവനക്കാരെ സുരക്ഷിതമായി രക്ഷപ്പെടുത്തി.

Five Indian crew members on board an oil tanker vessel attacked in the Strait of Hormuz are rescued safely.

5. പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും കുറയ്ക്കുന്നതിന് ജീവിത രീതിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   Chief Minister V. D. Satheesan emphasizes that lifestyle changes are essential to reduce infectious and lifestyle diseases.

6. ഏഷ്യൻ ഗെയിംസിൽ 18 സ്വർണ്ണവും 26 വെള്ളിയും 36 വെങ്കലവും ഉൾപ്പെടെ 80 മെഡലുകളുമായി ഇന്ത്യ അഞ്ചാം സ്ഥാനത്ത്.

   India ranks fifth in the Asian Games with 80 medals, including 18 gold, 26 silver, and 36 bronze.

*******************************************************

## VP-KAUTILYA CONCLAVE (INTRO) -

### Headline- 1

സാമൂഹിക-സാമ്പത്തിക വികസനത്തിന് നയങ്ങൾ രൂപീകരിക്കുമ്പോൾ നയതന്ത്രജ്ഞർ താഴെത്തട്ടിലെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് കൗടില്യ ഇക്കണോമിക് കോൺക്ലേവ് 2026-ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനത്തിൻറെ ഫലം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും എത്തുമ്പോഴാണ് പൂർണ്ണമാകുകയെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിൻറെ സാമ്പത്തിക പരിഷ്കാരങ്ങൾ ജനാധിപത്യ മൂല്യങ്ങളിൽ ഊന്നിയുള്ളതാണെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്..)

## AMIT SHAH VISIT

### Headline- 2

മധ്യപ്രദേശിലെ ഉജ്ജയിനിൽ നിർമിക്കുന്ന ക്ഷീരോൽപ്പാദന പ്ലാൻറിൻറെ തറക്കല്ലിടൽ കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് നിർവഹിക്കും. ദിവസം 3 ലക്ഷം ലിറ്റർ പാൽ സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറ് നിർമിക്കുന്നതിനായി 255 കോടി രൂപയാണ് ചെലവ്. പാൽ ഉൽപ്പാദനം ക്ഷീരമേഖല എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഭോപ്പാലിൽ നടക്കുന്ന 'ഗോ പാലക് സമ്മേളനത്തിലും കേന്ദ്ര മന്ത്രി പങ്കെടുക്കും. മൃഗസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വനിതാ ക്ഷീര കർഷകരെ ചടങ്ങിൽ ആദരിക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## PIYUSH G20 MEETING

### Headline- 3

ആഗോള വ്യാപാരത്തിലെ അസമത്വങ്ങളും തടസ്സങ്ങളും പരിഹരിക്കാൻ ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള നടപടികളാണ് വേണ്ടതെന്ന് ഇന്ത്യ. അമേരിക്കയിലെ മിൽവോകിയിൽ നടന്ന ജി-20 വ്യാപാര മന്ത്രിമാരുടെ യോഗത്തിന്റെ സമാപന ദിവസത്തിലാണ് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കിയത്. ചില രാജ്യങ്ങൾ നൽകുന്ന അനഭിലഷണീയമായ സഹായങ്ങൾ വിപണിയിലെ വിലയിടിവിനും ചൂഷണത്തിനും കാരണമാകുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജി-20 രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരം സുതാര്യവും വിവേചനരഹിതവുമായ വ്യവസ്ഥകളെ ആശ്രയിച്ചാണെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## UN - INDIA GEC III

1.86 ലക്ഷം കോടി രൂപയുടെ ഗ്രീൻ എനർജി കോറിഡോർ മൂന്നാം ഘട്ട പദ്ധതിക്ക് ഇന്ത്യ നൽകിയ അംഗീകാരത്തെ ഐക്യരാഷ്ട്രസഭ സ്വാഗതം ചെയ്തു. ഗ്രിഡ് സംവിധാനം ശക്തമാക്കാനും ബാറ്ററി സംഭരണത്തിനുമുള്ള ഈ പദ്ധതി ഇന്ത്യയുടെ ജനങ്ങൾക്കും സമ്പദ്‌വ്യവസ്ഥയ്ക്കും വലിയ നേട്ടമാകുമെന്ന് യു.എൻ ക്ലൈമറ്റ് ചേഞ്ച് എക്സിക്യൂട്ടീവ് സെക്രട്ടറി സൈമൺ സ്റ്റീൽ പറഞ്ഞു. പുനരുപയോഗ ഊർജ ഉപയോഗം കൂട്ടാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഊർജ സുരക്ഷ ഉറപ്പാക്കാനും പദ്ധതി സഹായിക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## GOYAL- ICAI

ഇന്ത്യ-യു.എസ് സാമ്പത്തിക പങ്കാളിത്തം ശക്തമാക്കുന്നതിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. അതിർത്തി കടന്നുള്ള നികുതി കാര്യങ്ങൾ, നിയമനിർവഹണം, സാമ്പത്തിക ഭരണം എന്നിവയിൽ ബിസിനസുകളെ സഹായിക്കാനും ആഗോള നിക്ഷേപം ആകർഷിക്കാൻ ഇന്ത്യൻ സംരംഭങ്ങളെ സജ്ജമാക്കാനും സി.എക്കാർക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ഷിക്കാഗോ, മിഷിഗൺ, ഒഹായോ ചാപ്റ്ററുകളിലെ ഭാരവാഹികളുമായും അംഗങ്ങളുമായും നടത്തിയ കൂടിക്കാഴ്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## HORMUZ INDIANS RESCUED

### Headline- 4

ഹോർമുസ് കടലിടുക്കിൽ കപ്പലിനുനേരെയുണ്ടായ ആക്രമണത്തെ തുടർന്ന്, കപ്പലിലകപ്പെട്ട അഞ്ച് ഇന്ത്യൻ ജീവനക്കാരെ സുരക്ഷിതമായി രക്ഷപ്പെടുത്തി.കുവൈറ്റ് പതാകയേന്തിയ എണ്ണക്കപ്പലായ എംടി കാസിമ III യ്ക്ക് നേരെയാണ് മിസൈൽ ആക്രമണം ഉണ്ടായത്. ഒമാനിലെ ഇന്ത്യൻ എംബസിയാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്.

രക്ഷാപ്രവർത്തനത്തിൽ ഒമാൻ അധികൃതർ നൽകിയ നിരന്തരമായ പിന്തുണയ്ക്കും സഹായത്തിനും എംബസി നന്ദി അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## E-AUCTION OF GIFTS

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ ഇ-ലേലത്തിനുള്ള തീയതി ഈ മാസം 31 വരെ നീട്ടി. ലേലത്തിലൂടെ ലഭിക്കുന്ന തുക 'നമാമി ഗംഗ' പദ്ധതിയിലേക്ക് വിനിയോഗിക്കുന്നതിലൂടെ ഈ സമ്മാനങ്ങൾക്ക് സാമൂഹിക ലക്ഷ്യം കൂടി കൈവരുമെന്ന് സാംസ്കാരിക മന്ത്രാലയം വ്യക്തമാക്കി. കൂടുതൽ വിവരങ്ങൾ PMMEMENTOS.GOV.IN ൽ ലഭ്യമാകും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## KERALA – CM

### Headline- 5

പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും കുറയ്ക്കുന്നതിന് ജീവിത രീതിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇത്തരം രോഗങ്ങൾ കൈകാര്യം ചെയ്യാൻ ആരോഗ്യമേഖലയിൽ മാറ്റം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. കേരള ഹാർട്ട് കെയർ സൊസൈറ്റിയുടെ സിൽവർ ജൂബിലി ആഘോഷം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ASIAN GAMES

### Headline- 6

ഏഷ്യൻ ഗെയിംസിൽ മെഡൽ നേട്ടവുമായി ഇന്ത്യ മുന്നേറുന്നു. 18 സ്വർണ്ണം 26 വെള്ളി 36 വെങ്കലമുൾപ്പെടെ 80 മെഡലുമായി അഞ്ചാം സ്ഥാനത്താണ് ഇന്ത്യ . ഗോൾഫ് വനിതാ വിഭാഗത്തിൽ പ്രണവി ഉർസ് സ്വർണ്ണം നേടി. ഗോൾഫ് ടീം ഇനത്തിൽ പ്രണവി, അതിഥി, ദിക്ഷ എന്നിവരടങ്ങിയ ഇന്ത്യൻ

സംഘം വെള്ളിയും കരസ്ഥമാക്കി. അമ്പെയ്ത്ത് വനിതകളുടെ വ്യക്തിഗത റിക്കർവ് ഇനത്തിൽ കുങ്കും മോഹോഡ് സ്വർണവും, പുരുഷ വിഭാഗത്തിൽ നീരജ് ചൗഹാൻ വെങ്കലവും നേടി. 20 -20 ക്രിക്കറ്റ് ഫൈനലിൽ, പാകിസ്ഥാൻ - ഇന്ത്യ മത്സരം പുരോഗമിക്കുകയാണ്. പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## IND-ASIAN GAMES FLAGBEARER

നാളെ നടക്കുന്ന ഏഷ്യൻ ഗെയിംസ് സമാപന ചടങ്ങിൽ ട്രാപ്പ് ഷൂട്ടർ നീരു ധണ്ഡ ഇന്ത്യയുടെ വനിതാ പതാക വാഹകയാകും. ഗെയിംസിൽ രണ്ട് സ്വർണ്ണവും ഒരു വെള്ളിയും നേടി നീരു മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## CRICKET

ഇന്ത്യ വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഉച്ചയ്ക്ക് രണ്ട് മണിക്ക് പഞ്ചാബിലാണ് മത്സരം. രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## BRAZIL INDIA FOOTBALL FRIENDLY

ഇന്ത്യ- ബ്രസീൽ സൗഹൃദ ഫുട്ബോൾ മത്സരം ഇന്ന് വൈകുന്നേരം, കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കും. കേവലം ഒരു മത്സരത്തിന് വേണ്ടിയല്ല തങ്ങൾ കളത്തിലിറങ്ങുന്നതെന്നും, ലോകത്തിലെ മുൻനിര ഫുട്ബോൾ ടീമുകളിലൊന്നിനെതിരെ ശക്തമായി മത്സരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഇന്ത്യൻ ക്യാപ്റ്റൻ ഗുർപ്രീത് സിംഗ് സന്ധു പറഞ്ഞു. ഫിഫ റാങ്കിംഗിൽ നിലവിൽ ബ്രസീൽ അഞ്ചാം സ്ഥാനത്തും ഇന്ത്യ 138-ാം സ്ഥാനത്തുമാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SEVA SANKALP ABHIYAN NAMO DRONE DIDI(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്തു കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ആധുനിക കാർഷിക സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നത്തിനായി നടപ്പാക്കിയ 'നമോ ഡ്രോൺ ദിദി' എന്ന പദ്ധതിയെ കുറിച്ചാണ് ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. (ഒരു റിപ്പോർട്ട്...)

(വോയിസ്....)

*കാർഷിക മേഖലയിൽ സ്ത്രീകളെ ഡ്രോൺ സാങ്കേതികവിദ്യയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബറിലാണ് ഈ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പദ്ധതിക്കായി 1,261 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡ്രോൺ സേവന ദാതാക്കളായി പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്നതിലൂടെ സ്ത്രീകൾക്ക് പുതിയ തൊഴിൽ-വരുമാന അവസരങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതി സഹായിക്കുന്നു. കാർഷിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പ്രവർത്തനച്ചെലവ് കുറയ്ക്കാനും ഇത് സഹായിക്കും. പദ്ധതി പ്രകാരം, ഡ്രോണിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയുടെ 80 ശതമാനം വരെ കേന്ദ്ര സാമ്പത്തിക സഹായവും ലഭ്യമാകും.*
(ന്യൂസ് ഡെസ്ക് ആകാശവാണി..... )

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SHAH-NAVPREET SINGH

കുപ്രസിദ്ധ ലഹരിക്കടത്ത് തലവൻ നവ്പ്രീത് സിംഗിനെ തുർക്കിയെയിൽ നിന്ന് നാടുകടത്തി ഇന്ത്യയിലെത്തിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. 'നവാബ് വിർക്' എന്ന വ്യാജ പേരിൽ തുർക്കിയെ പൗരത്വം നേടിയ ഇയാൾ, അഫ്ഗാനിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്ക് ഹെറോയിനും മെത്താംഫെറ്റാമൈനും കടത്തിവരികയായിരുന്നു. അറസ്റ്റിലായ നവ്പ്രീത് സിംഗിനെ ജയിലിലടച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## GOLD RATE

സ്വർണ്ണവില കുറഞ്ഞു. പവന് 800 രൂപ താഴ്ന്ന് ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി ,400 രൂപയും, ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## WEATHER KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ നാലു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടിമിന്നലിൻറെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിട്ടി അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## IMD WEATHER

അരുണാചൽ പ്രദേശ് , മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര ,അസം എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; അതേസമയം കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ ഇന്ന് ഉയർന്ന ചൂട് അനുഭവപെടുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## MAHA EARTHQUAKE

മഹാരാഷ്ട്രയിലെ ഹിംഗോളി ജില്ലയിലെ പാങ്ഗ്ര ഷിൻഡെ മേഖലയിൽ ഇന്ന് രാവിലെ ഭൂചലനം ഉണ്ടായി. റിക്ടർ സ്കെയിലിൽ 4.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായമില്ല. ചെറിയ തോതിലുള്ള തുടർചലനങ്ങളും സമീപപ്രദേശങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യു. സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കണമെന്നു ഹിംഗോളി ജില്ലാ ഭരണകൂടം, ജനങ്ങൾക്ക് നിർദ്ദേശം നൽകി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## G7

ആഗോളതലത്തിൽ കുതിച്ചുയരുന്ന ഇന്ധനവില നിയന്ത്രിക്കുന്നതിനായി, നാല് മാസത്തിനുള്ളിൽ 100 ദശലക്ഷം ബാരൽ എണ്ണ വിപണിയിലിറക്കാൻ തീരുമാനിച്ച് G7 രാജ്യങ്ങൾ. ഇതിൽ ഭൂരിഭാഗവും ആദ്യ 20 ദിവസത്തിനുള്ളിൽ തന്നെ ലഭ്യമാക്കും. അമേരിക്കയിൽ ഡീസൽ വില റെക്കോർഡ് നിലവാരത്തിലെത്തിയത് ട്രംപ് ഭരണകൂടത്തിന് മേൽ സമ്മർദ്ദം വർധിപ്പിച്ചിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ ശേഖരത്തിൽ നിന്ന് വലിയ അളവിൽ ഡീസൽ വിട്ടുനൽകാൻ സമ്മതിച്ചിട്ടുണ്ടെന്ന് ഡോണാൾഡ് ട്രംപ് പറഞ്ഞു.

****** **** ****** ********* ****** ********

****** ****** ************* ******* *********** ****** *******